REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 23-09-2024** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- ഇന്ത്യ ആഗോള ബയോടെക് പവർഹൗസായി അതിവേഗം വളരുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഐക്യരാഷ്ട്ര പൊതുസഭയിൽ ഭാവിയുടെ ഉച്ചകോടിയെ പ്രധാനമന്ത്രി ഇന്ന് അഭിസംബോധന ചെയ്യും.
- കുട്ടികളുടെ അശ്ലീല ദൃശ്യങ്ങൾ ഡൗൺലോഡ് ചെയ്യുന്നതും കാണുന്നതും സൂക്ഷിക്കുന്നതും പോക്സോ നിയമപ്രകാരം കുറ്റകരമെന്ന് സുപ്രീം കോടതി.
- നിപ വൈറസ് വ്യാപനം നടക്കുന്ന മെയ് മുതൽ സെപ്റ്റംബർ വരെ കാലയളവിൽ പ്രത്യേക ജാഗ്രതാ നിർദേശം നൽകിയതായി മന്ത്രി വീണാ ജോർജ്ജ്.
- അന്തരിച്ച CPIM നേതാവ് MM ലോറൻസിന്റെ ഭൗതികശരീരം വൈകീട്ട് എറണാകുളം മെഡിക്കൽ കോളജിന് കൈമാറും.
- സംസ്ഥാനത്ത് ഇന്നും നാളെയും ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് . ഇന്ന് ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രത.
- ISL ഫുട്ബോളിൽ ഇന്ന് മോഹൻ ബഗാൻ നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ നേരിടും.

## വാർത്തകൾ വിശദമായി

**US സന്ദർശിക്കുന്ന പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂയോർക്കിൽ ടെക് കമ്പനികളുടെ CEO മാരുമായി കൂടിക്കാഴ്ച നടത്തി. ഇന്ത്യ**

ആഗോള ബയോടെക് പവർഹൗസായി അതിവേഗം വളരുകയാണെന്ന് പ്രധാനമന്ത്രി കൂടിക്കാഴ്ചയിൽ പറഞ്ഞു.

ന്യൂസ് ഡെസ്‌ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

...............( വോയ്‌സ്)...................

അടുത്ത 1-2 വർഷത്തിനുള്ളിൽ 85,000 സാങ്കേതിക വിദഗ്ധർ, എഞ്ചിനീയർമാർ, ഗവേഷണ വികസന വിദഗ്ധർ എന്നിവരെ സൃഷ്ടിക്കാനാണ് ഇന്ത്യ ലക്ഷ്യമിടുന്നതെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

ഐക്യരാഷ്ട്ര പൊതുസഭയിൽ ഭാവിയുടെ ഉച്ചകോടിയെ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് അഭിസംബോധന ചെയ്യും. "ഒരു നല്ല നാളേയ്ക്കു ബഹുമുഖ പരിഹാരങ്ങൾ" എന്ന വിഷയത്തിൽ ഊന്നിയാണ് ഉച്ചകോടി സംഘടിപ്പിക്കുന്നത്.

കുവൈത്ത് കിരീടാവകാശി ഷെയ്ഖ് സബാഹ് അൽ ഖാലിദ് അൽ സബാഹ്, നേപ്പാൾ പ്രധാനമന്ത്രി KP ശർമ ഒലി, പലസ്തീൻ പ്രസിഡന്റ് മഹ്മൂദ് അബ്ബാസ് തുടങ്ങിയ നേതാക്കളുമായി മോദി കൂടിക്കാഴ്ച നടത്തി.

ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്യവെ പ്രവാസികൾ രാഷ്ട്രദൂതന്മാരാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. അവർ എന്നും രാജ്യത്തിന്റെ ഏറ്റവും ശക്തമായ ബ്രാൻഡ് അംബാസഡർമാരായിരുന്നുവെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

വൈവിധ്യങ്ങളെ മനസ്സിലാക്കുകയും ജീവിക്കുകയും ദൈനംദിന ജീവിതത്തിൽ അത് ഉൾക്കൊള്ളുകയും ചെയ്യുന്നത് ഇന്ത്യൻ സംസ്കാരമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

✪✪✪

ശ്രീലങ്കയുടെ ഒമ്പതാമത് പ്രസിഡന്റായി നാഷണൽ പീപ്പിൾസ് പവർ നേതാവ് അനുര കുമാര ദിസനായകെ സത്യപ്രതിജ്ഞ ചെയ്തു. രാവിലെ പ്രെസിഡന്റിന്റെ സെക്രട്ടേറിയറ്റിലായിരുന്നു സത്യപ്രതിജ്ഞാ ചടങ്ങ്.

✪✪✪

അനുര ദിസനായകെയെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. ഇന്ത്യയുടെ "അയൽ രാജ്യത്തിന് പ്രഥമ പരിഗണന" എന്ന നിലയിലും

“വിഷൻ സാഗറിലും” ശ്രീലങ്കയ്ക്ക് പ്രത്യേക സ്ഥാനമുണ്ടെന്ന് പ്രധാനമന്ത്രി ആശംസാ സന്ദേശത്തിൽ പറഞ്ഞു.

ജനങ്ങളുടെയും മുഴുവൻ മേഖലയുടെയും പ്രയോജനത്തിനായി ബഹുമുഖ സഹകരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് ദിസനായകെയുമായി ചേർന്ന് പ്രവർത്തിക്കാൻ ആഗ്രഹമുണ്ടെന്നും നരേന്ദ്രമോദി അറിയിച്ചു.

✪✪✪

ആയുഷ്മാൻ കാർഡുടമകളിൽ 49 ശതമാനവും സ്ത്രീകളാണെന്ന് കേന്ദ്ര ആരോഗ്യമന്ത്രാലയം അറിയിച്ചു. ഏഴ് കോടി 79 ലക്ഷം ആശുപത്രി പ്രവേശനങ്ങളിൽ, മൂന്ന് കോടി 61 ലക്ഷവും ഉപയോഗപ്പെടുത്തിയത് സ്ത്രീകളാണെന്നും മന്ത്രാലയം വ്യക്തമാക്കി. ആയുഷ്മാൻ കാർഡ് ഉപയോഗിക്കുന്ന കാര്യത്തിൽ കേരളം, തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ്, സംസ്ഥാനങ്ങളാണ് മികച്ച പ്രകടനം കാഴ്ചവച്ചതെന്നും ആരോഗ്യ മന്ത്രാലയം അറിയിച്ചു.

✪✪✪

കുട്ടികളുടെ അശ്ലീല ദൃശ്യങ്ങൾ ഡൗൺലോഡ് ചെയ്യുന്നതും കാണുന്നതും സൂക്ഷിക്കുന്നതും പോക്സോ നിയമപ്രകാരം കുറ്റകരമാണെന്ന് സുപ്രീം കോടതി. കുട്ടികളുടെ അശ്ലീലചിത്രങ്ങൾ ഡൗൺലോഡ് ചെയ്ത് കാണുന്നത് പോക്സോ നിയമപ്രകാരം കുറ്റകരമല്ലെന്ന മദ്രാസ് ഹൈക്കോടതി ഉത്തരവ് റദ്ദാക്കിയാണ് ചീഫ് ജസ്റ്റിസ് DY ചന്ദ്രചൂഡിന്റെയും ജസ്റ്റിസ് J.B പർദിവാലയുടെയും ബെഞ്ചിന്റെ നടപടി.

'ചൈൽഡ് പോണോഗ്രാഫി' എന്ന പദത്തിന് പകരം 'കുട്ടികളെ ലൈംഗികമായി ചൂഷണം ചെയ്യുന്നതും അധിക്ഷേപിക്കുന്നതുമായ മെറ്റീരിയലുകൾ' എന്ന് ഉപയോഗിക്കുന്നതിന് പോക്സോ നിയമത്തിൽ ഭേദഗതി വരുത്താൻ സുപ്രീം കോടതി പാർലമെന്റിനോട് നിർദ്ദേശിച്ചു. ഭേദഗതി പ്രാബല്യത്തിൽ വരുന്നതുവരെ കേന്ദ്ര ഗവണ്മെന്റിന് ഓർഡിനൻസ് കൊണ്ടുവരാമെന്ന് സുപ്രീം കോടതി വ്യക്തമാക്കി.

'ചൈൽഡ് പോണോഗ്രാഫി' എന്ന പദം ഉപയോഗിക്കരുതെന്നും സുപ്രീം കോടതി നിർദേശിച്ചു.

✪✪✪

ജമ്മു കശ്മീരിൽ നിയമസഭാ തിരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ട പ്രചാരണം വൈകീട്ട് അവസാനിക്കും. അഞ്ച് ജില്ലകളിലെ 26 നിയമസഭാ മണ്ഡലങ്ങളിൽ മറ്റന്നാളാണ് വോട്ടെടുപ്പ്.

ജമ്മു മേഖലയിലെ റിയാസി, രജൗരി, പൂഞ്ച്, കശ്മീർ താഴ്വരയിലെ ശ്രീനഗർ, ബുദ്ഗാം എന്നിവയാണ് ഈ ജില്ലകൾ. അടുത്ത മാസം ഒന്നിനാണ് അവസാനത്തെയും മൂന്നാമത്തേയും ഘട്ട വോട്ടെടുപ്പ്.

വോട്ടെണ്ണൽ എട്ടിന് നടക്കും.

വോട്ടർമാരെ ആകർഷിക്കുന്നതിനായി വിവിധ രാഷ്ട്രീയ പാർട്ടികളുടെ നേതാക്കൾ റാലികളും ആശയവിനിമയങ്ങളും റോഡ് ഷോകളും റാലികളും സംഘടിപ്പിക്കുന്നു.

✪✪✪

ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ഇന്ന് പൂഞ്ചിലും ശ്രീനഗറിലും തിരഞ്ഞെടുപ്പ് റാലികളെ അഭിസംബോധന ചെയ്യും. മുൻ ജമ്മു കശ്മീർ മുഖ്യമന്ത്രി ഡോ. ഫാറൂഖ് അബ്ദുള്ള ഇന്ന് സൈനകോട്ട് റാലിയിൽ പങ്കെടുത്തേക്കും.

✪✪✪

സംസ്ഥാനത്ത് നിപ നിയന്ത്രണ വിധേയമെന്ന് മന്ത്രി വീണാ ജോർജ് അറിയിച്ചു . ഇതുവരെ നടത്തിയ പരിശോധന ഫലങ്ങൾ എല്ലാം നെഗറ്റീവ് ആണെന്നും നിപ വൈറസ് വ്യാപനം നടക്കുന്ന മെയ് മുതൽ സെപ്റ്റംബർ വരെ കാലയളവിൽ പ്രത്യേക ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി ഇടുക്കിയിൽ പറഞ്ഞു. പ്രകൃതിയിൽ നിന്നു സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കും. വവ്വാലുകളിൽ കൂടിയാണ് രോഗം പകരുന്നത് എന്ന് ബോധ്യമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ താഴെ വീണു കിടക്കുന്ന പഴങ്ങൾ ഉൾപ്പെടെ ഭക്ഷിക്കുന്നതിൽ ജനങ്ങൾ കർശന ജാഗ്രത പാലിക്കണം. പനങ്കള്ളിൽകൂടി രോഗം പകരുന്നത് പൂർണമായി സ്ഥിരീകരിച്ചിട്ടില്ലങ്കിലും ഇക്കാര്യം പരിശോധിയ്ക്കുന്നതിന് കോഴിക്കോട് പ്രത്യേക സെൻറർ ആരംഭിച്ച് പ്രവർത്തിക്കുന്നുണ്ടെന്നും മന്ത്രി അറിയിച്ചു.

എംപോക്സ് സംബന്ധിച്ച് സൂക്ഷ്മമായ നിരീക്ഷണമാണ് സംസ്ഥാന ഗവൺമെന്റ് നടത്തുന്നതെന്നും വീണ ജോർജ് പറഞ്ഞു.

✪✪✪

മന്ത്രി O.R കേളുവിന്റെ നേതൃത്വത്തിൽ പട്ടികജാതി-പട്ടികവർഗ-പിന്നാക്ക ക്ഷേമ വകുപ്പുകളിലെ പദ്ധതികളുടെ ജില്ലാതല അവലോകനവും ഗവണ്മെന്റിന്റെ നാലാം നൂറുദിന കർമ പരിപാടികളുടെ വിലയിരുത്തലും കോഴിക്കോട് കലക്ട്രേറ്റിൽ തുടങ്ങി. മേഖലയിലെ അടിസ്ഥാന വിവരങ്ങളും ഭൂരഹിതർ, ഭവനരഹിതർ എന്നിവരുടെ അടിസ്ഥാന സൗകര്യ പ്രശ്നങ്ങളും, യോഗത്തിന്റെ പരിഗണനയ്ക്കു വരും.

പട്ടികജാതി-വർഗ മേഖലയിലെ മൊത്തം വകയിരുത്തലും ചെലവഴിക്കലും, ജില്ലാതല വികസന സാധ്യതകളും പ്രശ്നങ്ങളും യോഗം ചർച്ച ചെയ്യും. ജില്ലയിലെ MLA മാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കലക്ടർ, ജില്ലാ പ്ലാനിംഗ് ഓഫീസർ, പട്ടികജാതി-പട്ടികവർഗ്ഗ വികസന ഓഫീസർമാർ, ITDP പ്രോജക്ട് ഓഫീസർമാർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കുന്നുണ്ട് .

✪✪✪

അന്തരിച്ച CPIM നേതാവ് MM ലോറൻസിന് സമൂഹത്തിന്റെ നാനാതുറകളിൽപെട്ടവരുടെ അന്ത്യാഞ്ജലി. എറണാകുളം ടൗൺ ഹാളിൽ പൊതു ദർശനത്തിന് വെച്ച മൃതദേഹത്തിൽ നൂറുകണക്കിന് പാർട്ടിപ്രവർത്തകർ അന്തിമോപചാരം അർപ്പിച്ചു വരികയാണ്.

മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രിമാരായ P രാജീവ്, MB രാജേഷ്, CPIM നേതാക്കളായ MA ബേബി, എളമരം കരീം ഉൾപ്പെടെ അദ്ദേഹത്തിന് അന്ത്യാഞ്ജലി അർപ്പിക്കാൻ എത്തി . സ്വകാര്യ ആശുപത്രിയിലെ മോർച്ചറിയിൽ സൂക്ഷിച്ചിരുന്ന മൃതദേഹം രാവിലെ അദ്ദേഹത്തിന്റെ വസതിയിലും, പിന്നീട് പാർട്ടി ജില്ലാ ആസ്ഥാനമായ ലെനിൻ സെന്ററിലും എത്തിച്ചു.

വൈകിട്ടോടെ MM ലോറൻസിന്റെ ഭൗതികശരീരം എറണാകുളം മെഡിക്കൽ കോളജിന് കൈമാറും.

✪✪✪

കനത്ത തിരക്ക് മൂലം ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ടതിനെ തുടർന്ന് രണ്ട് സ്ത്രീകൾ തിരുവനന്തപുരം - ഷൊർണൂർ വേണാട് എക്സ്പ്രസിൽ കുഴഞ്ഞുവീണു. ഇവർക്ക് സഹയാത്രികർ പരിചരണം നൽകി. ട്രെയിൻ പിറവം റോഡ് വിട്ടപ്പോഴാണ് സംഭവം. ഓണാവധി കഴിഞ്ഞ് ജനങ്ങൾ മടങ്ങുന്നതിനാൽ ട്രെയിനിൽ കനത്ത തിരക്കായിരുന്നു.

✪✪✪

സംസ്ഥാനത്ത് ഇന്നും നാളെയും പരക്കെ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി . എറണാകുളം, ഇടുക്കി, തൃശ്ശൂർ, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് ജാഗ്രതാ നിർദേശം.

കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെ വേഗത്തിലും ചില സമയങ്ങളിൽ 55 കിലോമീറ്റർ വരെ വേഗത്തിലും കാറ്റിന് സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

രണ്ട് ചക്രവാത ചുഴി രൂപപ്പെട്ട സാഹചര്യത്തിൽ ബംഗാൾ ഉൾകടലിനു മുകളിൽ ന്യൂനമർദ്ദം രൂപപ്പെടാൻ സാധ്യതയാണ് കേരളത്തിലെ മഴ സാഹചര്യം വീണ്ടും ശക്തമാക്കുന്നത്.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് മോഹൻ ബഗാൻ നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ നേരിടും. കൊൽക്കത്തയിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

ഇന്നലെ നടന്ന മത്സരത്തിൽ ഈ സീസണിലെ ആദ്യ ജയം കേരള ബ്ലാസ്റ്റേഴ്സ് സ്വന്തമാക്കി. കൊച്ചി ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ ഈസ്റ്റ് ബംഗാളിനെ ഒന്നിനെതിരെ രണ്ട് ഗോളുകൾക്കാണ് ബ്ലാസ്റ്റേഴ്സ് തോൽപ്പിച്ചത്.

✪✪✪

ഹംഗറിയിലെ ബുഡാപെസ്റ്റിൽ 45-ാമത് ചെസ് ഒളിംപ്യാഡിൽ സുവർണ ചരിത്രമെഴുതി ഇന്ത്യ. ഓപ്പൺ വിഭാഗത്തിലും, വനിതാ വിഭാഗത്തിലും സ്വർണം നേടിയാണ് ഇന്ത്യൻ താരങ്ങൾ രാജ്യത്തിന്റെ അഭിമാനമുയർത്തിയത്.

ചരിത്രത്തിൽ ആദ്യമായാണ് ചെസ് ഒളിംപ്യാഡ് ഓപ്പൺ, വനിതാ വിഭാഗങ്ങളിൽ ടീം ഇന്ത്യ സ്വർണം നേടുന്നത്. ഓപ്പൺ വിഭാഗത്തിൽ 11 റൗണ്ടിൽ പത്തിലും ജയിച്ചും ഒരു മത്സരത്തിൽ സമനില വഴങ്ങിയുമാണ് ഇന്ത്യയുടെ നേട്ടം.

വനിതാ വിഭാഗത്തിൽ ടീം ഇന്ത്യ 11 മത്സരങ്ങളിൽ ഒൻപതിൽ ജയിക്കുകയും ഒരു മത്സരത്തിൽ സമനില വഴങ്ങുകയും ചെയ്തു. ഒരു മത്സരത്തിൽ പരാജയപ്പെട്ടു.

✪✪✪

ഇന്ത്യ -ബംഗ്ലാദേശ്  രണ്ടാം ക്രിക്കറ്റ് ടെസ്റ്റ് കാൺപൂരിൽ വെള്ളിയാഴ്ച ആരംഭിക്കും.  ആദ്യ ടെസ്റ്റിൽ കളിച്ച അതേ ടീം തന്നെയാണ് രണ്ടാം ടെസ്റ്റിലും ഇന്ത്യക്ക് വേണ്ടി കളിക്കുന്നത്.

ആദ്യ ടെസ്റ്റിന്റെ നാലാം ദിനം 280 റൺസെന്ന കൂറ്റൻ സ്കോറിൽ ബംഗ്ലാദേശിനെ തകർത്ത് രണ്ട് മത്സര പരമ്പരയിൽ ഇന്ത്യ മുന്നിലാണ്.

✪✪✪

ഇന്ന് അന്താരാഷ്ട്ര ആംഗ്യഭാഷാ ദിനം. ബധിരരായ ആളുകളുടെ മനുഷ്യാവകാശങ്ങൾ പൂർണമായും മനസ്സിലാക്കുന്നതിന് ആംഗ്യഭാഷയുടെ പ്രധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് എല്ലാ വർഷവും സെപ്റ്റംബർ 23 ആംഗ്യഭാഷാദിനമായി ആചരിക്കുന്നത്.

ബധിരരുടെ 135 ദേശീയ അസോസിയേഷനുകളുടെ കൂട്ടായ്മയായ വേൾഡ് ഫെഡറേഷൻ ഓഫ് ദ ഡെഫ് ആണ് അന്താരാഷ്ട്ര ആംഗ്യഭാഷാദിനം നിർദ്ദേശിച്ചത്.

✪✪✪

ഹജ്ജ് കമ്മറ്റി മുഖേന ഹജ്ജ് യാത്രയ്ക്ക് അപേക്ഷിക്കുന്നതിന് അവസാന തിയതി ഇന്ന്. ഇതുവരെ സംസ്ഥാനത്ത് നിന്ന് 17,949 അപേക്ഷകളാണ് ലഭിച്ചത്.

✪✪✪